# സഹകരണ ആഡിറ്റ് ഡയറക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവ്
## (ഹാജർ- വി. സനൽകുമാർ ഐ.എ.എസ്)

എഡി(4)1/2018 തിരുവനന്തപുരം, തീയതി- 05.01.2018

1577
20/11/18

വിഷയം: സഹകരണ വകുപ്പ്- ആഡിറ്റ് ഡയറക്ടറേറ്റ്- മേഖലാ ക്ഷീരോല്പാദക യൂണിയനുകളിലും കേരള സ്റ്റേറ്റ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലും 2005–ലെ വിവരാവകാശ നിയമ പ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ആഫീസറെയും അപ്പീൽ അധികാരിയെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന: 2005–ലെ വിവരാവകാശ നിയമം.

തിരുവനന്തപുരം, എറണാകുളം, മലബാർ സഹകരണ മേഖലാ ക്ഷീരോല്പാദക യൂണിയനുകളിലെയും കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെയും സഹകരണ ആഡിറ്റ് വിഭാഗം ആഫീസുകളിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിച്ചിട്ടില്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ആഫീസുകളിൽ പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിക്കുന്നതിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

2005–ലെ വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, മലബാർ എന്നീ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളിലെ സഹകരണ ആഡിറ്റ് കാര്യാലയങ്ങളിൽ അതാത് ആഫീസിലെ ആഫീസ് ആഡിറ്റർമാരെ പബ്ലിക് ഇൻഫർമേഷൻ ആഫീസറായും ടി ആഫീസുകളിലെ അസിസ്റ്റന്റ് ഡയറക്ടറെ അപ്പീൽ അധികാരിയായും കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്ററെ പബ്ലിക് ഇൻഫർമേഷൻ ആഫീസറായും ഡെപ്യൂട്ടി ഡയറക്ടർ/ കൺകറന്റ് ആഡിറ്ററെ അപ്പീൽ അധികാരിയായും നിശ്ചയിച്ച് നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
വി. സനൽകുമാർ. ഐ. എ. എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്- 1. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ.
2. അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
തിരുവനന്തപുരം സഹകരണ മേഖലാ ക്ഷീരോല്പാദക യൂണിയൻ.
3. അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
എറണാകുളം സഹകരണ മേഖലാ ക്ഷീരോല്പാദക യൂണിയൻ.
4.. അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
മലബാർ സഹകരണ മേഖലാ ക്ഷീരോല്പാദക യൂണിയൻ.